**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2034 16.02.2016 ൽ മറുപടിയ്ക്ക്

## ആർ.ടി.ഓഫീസുകളിലെ ഏജന്റുമാർ

**ചോദ്യം** **ഉത്തരം**

ശ്രീ. എൻ.എ.നെല്ലിക്കുന്ന്

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.ടി.ഓഫീസുകളിൽ ഏജന്റുമാരെ പ്രവേശിപ്പിക്കരുതെന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. ഗതാഗത കമ്മീഷണറുടെ 03.07.2013 ലെ 16/2013 നമ്പർ സർക്കുലർ പ്രകാരമാണ് ഈ നിർദ്ദേശം നല്കിയിട്ടുള്ളത്. |
| (ബി) | ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ ഓഫീസുകളിലെ ഏജന്റുമാരെ അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനു ദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാ മെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ഓഫീസുകളിൽ നിലവിൽ ഏജന്റുമാരുടെ ഇടപെടലുകളുണ്ടോ ; എങ്കിൽ ഇതിനെ എങ്ങനെയാണ് വിലയിരുത്തുന്നത്; പ്രസ്തുത ഇടപെടൽ ജനങ്ങൾക്ക് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഏജന്റുമാരുടെ സാന്നിദ്ധ്യം ഉള്ളതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തുന്ന മിന്നൽ പരിശോധനകളിൽ കണ്ടെത്താറുണ്ട്. ഓഫീസിന്റെ പ്രവർത്തന ങ്ങളിൽ ഏജന്റുമാരുടെ ഇടപെടൽ സർക്കാർ അതീവ ഗൗരവമായി കാണുന്നു. സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജന ങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾക്ക് ഇടനിലക്കാരുടെ സഹായം ആവശ്യമില്ല. ഇത്തരക്കാരുടെ ഇടപെടൽ ഉള്ളതായി ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അത് നിയന്ത്രിക്കുന്നതിനായി ഉചിതമായ നിർദ്ദേശങ്ങൾ ഗതാഗത കമ്മീഷണർക്ക് നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇവരെ അംഗീകരിച്ചാൽ പൊതുജന ങ്ങൾക്കു നേരിട്ട് ഒരു കാര്യവും നടത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്ന ആക്ഷേപത്തോടുളള നിലപാട് വ്യക്തമാക്കുമോ ? | (ഡി) | ആക്ഷേപം ശരിയാണ്. അതുകൊണ്ട് തന്നെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി കർശന നിർദ്ദേശ ങ്ങൾ നൽകാറുണ്ട്. കൂടാതെ ഏജന്റുമാരു മായി ബന്ധമുണ്ടെന്നു കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിക്കാറുമുണ്ട്. ഏജന്റുമാരെ അംഗീകരിക്കുന്നതിനുളള ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല. |

Deepthi

സെക്ഷൻ ഓഫീസർ